പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4061** **20.03.2018 ൽ മറുപടിയ്ക്ക്**

**കേരളത്തിൽ ഒരു ദിവസം ആവശ്യമായിവരുന്ന പച്ചക്കറിയുടെ തോത്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേരള ജനതയുടെ ആവശ്യങ്ങൾക്ക് വേണ്ടുന്ന ഒരു ദിവസത്തെ പച്ചക്കറിയുടെ തോത് എത്ര എന്നും ആയതിനായി സംസ്ഥാനത്തെ വിവിധ കാർഷിക പദ്ധതികൾ വഴി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറിയുടെ തോത് എത്രയെന്നും, എത്രത്തോളം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുവെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | എ) 66- ാം നാഷണൽ സാമ്പിൾ സർവ്വെ പ്രകാരം കേരള ജനതയുടെ ഒരു ദിവസത്തെ പച്ചക്കറി ആവശ്യം 5504 ടൺ ആണ്. സംസ്ഥാനത്തിന് ആകെ 20.9 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഒരു വർഷം ആവശ്യമാണ്.<br>സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.<br>2015-16 സാമ്പത്തിക വർഷത്തിൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2016-17- ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2015-16 മായി താരതമ്യം ചെയ്യുമ്പോൾ 2016-17 ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്. 2017-18 നടപ്പ സമ്പത്തിക വർഷം ഒന്നാം |

വിളയുടെയും രണ്ടാം വിളയുടെയും മൂന്നാം വിളയുടെ ഭാഗികമായും വിളവെടുപ്പ് കഴിഞ്ഞിട്ടുണ്ട്. ആയതു പ്രകാരം 54680.735 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 7.131 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പത്ത് ലക്ഷം മെട്രിക് ടൺ ഉൽപാദനമാണ് ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നത്. ഓരോ വർഷവും മേൽ ഉല്പാദനത്തിന്റെ ബാക്കി അളവ് പച്ചക്കറി അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമാകുന്നത്. എന്നാൽ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ പച്ചക്കറിക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിന്റെ തോത് ഒരു പരിധിവരെ കുറയ്ക്കുന്നതിനു സാധിച്ചിട്ടുണ്ട്.

ബി) സംസ്ഥാനത്താകമാനം വീട്ടുവളപ്പിലെ കൃഷി, പുരയിടങ്ങളിലും വയലുകളിലും ഉൾപ്പെടെ ചെറുകിടക്കാർ നടത്തുന്ന കൃഷി, ജൈവകൃഷി എന്നിവ വഴി എത്ര അളവ് പച്ചക്കറി ഉല്പന്നങ്ങൾ സംസ്ഥാനത്ത് ലഭ്യമാകുന്നു; ആയത് കൂടുതൽ ഉല്പാദിപ്പിക്കാനായി എന്തു നടപടികൾ സർക്കാരും കൃഷിവകുപ്പും സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കാമോ?

ബി) സംസ്ഥാനത്താകമാനം വീടുകളുടെ മുറ്റത്തും ടെറസിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ടി പദ്ധതിയിലെ പ്രധാന ഘടകങ്ങളായ വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം എന്നിവ വിജയകരമായി നടപ്പിലാക്കിയതിലൂടെ വീടുകളുടെ മുറ്റത്തും ടെറസിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 നടപ്പു സാമ്പത്തിക വർഷം ഒന്നാം വിളയുടെയും രണ്ടാം വിളയുടെയും മൂന്നാം വിള ഭാഗികമായും വിളവെടുപ്പ് കഴിഞ്ഞിട്ടുണ്ട്. ആയതു പ്രകാരം 54680.735 ഹെക്ടർ സ്ഥലത്തു നിന്നും നാളിതുവരെ പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 7.131 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുന്നതിനായി 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ,

തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകിയിട്ടുണ്ട്. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തു. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങുന്ന 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു വേണ്ടി 555 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്. യൂണിറ്റൊന്നിന് 2500 രൂപ വീതം 2600 യൂണിറ്റിന് 65 ലക്ഷം രൂപ വകയിരുത്തി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. 2250 ചെറുകിട തുള്ളിനന/ തിരിനന യൂണിറ്റുകൾ സ്ഥാപിക്കുവാനും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് 50 ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ (ഒന്നിന് 50000/- രൂപ നിരക്കിൽ) ധനസഹായം നൽകുന്നു. പച്ചക്കറി വികസന പദ്ധതി നടപ്പാക്കുന്നതിലൂടെ പച്ചക്കറികൾക്ക് വേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിന്റെ തോത് പരിമിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18- ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം താഴെ പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി

4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ
5. ജില്ലാ ക്ലസ്റ്റർ വികസനം
6. സാങ്കേതിക സഹായവും കരാർ നിയമനവും
7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
8. നഴ്സറികൾ സ്ഥാപിക്കൽ
9. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും
10. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.
11. പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം
12. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
13. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം.
14. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷമ മൂലകങ്ങൾ എന്നിവയുടെ വിതരണം
15. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം.
16. 'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ് പദ്ധതി വഴി സഹായം.
17. അവാർഡ് വിതരണം
18. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
19. മഴമറ നിർമ്മാണം
20. പദ്ധതിയുടെ ബാഹ്യ നിരീക്ഷണം
21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ
22. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
23. വി.എഫ്.പി.സി.കെ. – വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം നൽകുന്നു.

Mayap

**സെക്ഷൻ ഓഫീസർ**